**പതിമൂന്നാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1731 — 17.06.2013 ന് മറുപടിയ്ക്ക്.

**<u>വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ ശോച്യാവസ്ഥ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ വനംവകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കാസർഗോഡ് ജില്ലയിലെ വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. |
| (ബി) ഈ റോഡുകൾ അവസാനമായി പുതുക്കി പണിതത് ഏത് വർഷത്തിലാണ്; വ്യക്തമാക്കുമോ? | (ബി) കാസർഗോഡ് ജില്ലയിലെ പരപ്പ-മയ്യള റോഡിന്റെ സോളിംഗ് പ്രവർത്തികൾ (10 ലക്ഷം രൂപ) 2012-13 വർഷത്തിൽ ടെണ്ടർ ചെയ്ത് പ്രവർത്തി പുരോഗമിച്ച് വരുന്നുണ്ട്. അതുപോലെ നെല്ലിത്തട്ട-മലാങ്കടപ്പ കൂപ്പ് റോഡിന്റേയും (20,000 രൂപ), മണ്ണാർക്കടവ് കോളനി-ദയാനന്തിമൂല കൂപ്പ് റോഡിന്റേയും (18,000 രൂപ), ഈന്തുമൂല-ജാമ്പ്രത്തട്ടക്ക കൂപ്പ് റോഡിന്റേയും (22,000 രൂപ), ദേലമ്പാടി-ദർക്കാജെ കൂപ്പ് റോഡിന്റേയും (20,000 രൂപ) അറ്റകുറ്റപ്പണികൾ 2012-13 വർഷത്തിൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.